

പള്ളിക്കൂദാശക്കാലം
(നാലാം ഞായർ)

എമ്മാവൂസ്
# വചനദൂത്

# ക്രിസ്തു ദാവീദിന്റെ പുത്രൻ (മത്താ. 22/41–46)

റവ. ഫാ. തോമസ് പ്ലാത്തോട്ടത്തിൽ MCBS Vol. 9 Issue. 27

**തി**രുവനന്തപുരത്ത് വെട്ടുകാട് പള്ളിയുടെ മുകളിൽ ഒരു രൂപമുണ്ട്. കടലിലേക്ക് നോക്കി കുരിശുമായി നിൽക്കുന്ന കർത്താവിന്റെ രൂപമാണത്. ലോകത്തെ മുഴുവൻ ആശീർവ്വദിക്കുന്ന-ജനഹൃദയങ്ങളെ കീഴടക്കുന്ന ക്രിസ്തുരാജനെയാണ് ആരാധനാക്രമവത്സരത്തിലെ അവസാന ഞായറാഴ്ചയായ ഇന്ന് തിരുസഭ അനുസ്മരിക്കുന്നത്.

സഭയിൽ ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുന്നു. ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പ “Quas Primus” എന്ന തിരുവെഴുത്തിലൂടെ 1925-ൽ ഈ തിരുനാൾ സ്ഥാപിച്ചു. പിന്നീട് 1969-ൽ ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ “Mystering Paschalis” എന്ന തിരുവെഴുത്തിലൂടെ ആരാധനാക്രമവത്സരത്തിലെ അവസാന ഞായറാഴ്ച ഈ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ആഹ്വാനം ചെയ്തു. ലോകം മുഴുവൻ ഇന്ന് രാജാക്കന്മാരുടെ രാജാവായ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവായ ക്രിസ്തുവിന്റെ തിരുനാൾ ആഘോഷിക്കുന്നു. അവൻ രാജാവാണ്. ലോകത്തെ മുഴുവൻ കീഴടക്കുന്ന - ജനഹൃദയങ്ങളെ സ്വാധീനിക്കുന്ന - ആശീർവ്വദിക്കുന്ന രാജാവാണവൻ.

രാജത്വത്തിരുനാൾ സന്ദേശമായി നാമിന്ന് ധ്യാനിക്കുന്നത് മത്തായി 22/44-46 എന്ന തിരുവചനഭാഗമാണ്. ഫരിസേയരുമായി യേശു നടത്തുന്ന സംവാദമാണ് വിഷയം. മിശിഹാ ദാവീദിന്റെ പുത്രനോ? എന്നതാണ് വിവാദവിഷയം. മിശിഹാ ദാവീദിന്റെ പുത്രനാണ് എന്ന ഫരിസേയരുടെ ഉറപ്പിനെ വിശുദ്ധവചനം കൊണ്ട് യേശു നേരിടുന്നു. സങ്കീ. 110/1-ൽ ദാവീദ്, മിശിഹായെ കർത്താവ് എന്ന് വിളിക്കുന്നതിനാൽ മിശിഹാ ദാവീദിന്റെ പുത്രനാകുന്നത് എങ്ങനെ എന്നതാണ് യേശുവിന്റെ ചോദ്യത്തിന്റെ പൊരുൾ. ഇതിൽ നിന്നും വ്യക്തമാണ് യേശു പറ

യാനാഗ്രഹിക്കുന്ന സന്ദേശം. മിശിഹാ ദാ വീദിന്റെ കുലത്തിൽ ജനിച്ചു എന്നതിനാൽ അവൻ ദാവീദിന്റെ പുത്രനാണ്. എന്നാൽ അവൻ ദൈവപുത്രനാകയാൽ അവൻ ദാവീദിന്റെയും കർത്താവാണ്. അതായത് യേശുവിന്റെ രാജത്വം കേവലം ദാവീദിന്റെ പരമ്പരയിലുള്ള രാജത്വം മാത്രമല്ല, കൊന്നും കൊലവിളിച്ചും വെട്ടിപ്പിടിച്ച രാജ്യമല്ല യേശുവിന്റെ രാജ്യം. ദാവീദിന്റെ പടയോട്ടമല്ല ക്രിസ്തുവിന്റെ രാജ്യസ്വഭാവം.

ക്രിസ്തുവിന്റെ രാജ്യം സ്നേഹത്തിൽ അധിഷ്ഠിതമാണ്. സ്നേഹിതനു വേണ്ടി ജീവൻ ബലികഴിക്കുന്ന സ്നേഹമാണ് ക്രിസ്തുരാജ്യത്തിന്റെ അടിസ്ഥാനശില. മനുഷ്യനെ സ്വന്തം ഹൃദയരക്തത്താൽ വിലയ്ക്കു വാങ്ങുന്ന രാജാവാണ് യേശു. അവൻ രാജാവായത് കുരിശുമരണത്തിലൂടെയാണ്. വിശുദ്ധ പൗലോശ്ലീഹാ പറയുന്നു: "എല്ലാം അവനിലൂടെയും അവൻ വഴിയായും പൂർത്തീകരിക്കപ്പെടുന്നു. നിലനിൽക്കുന്നു; അവൻ വഴിയായി പിതാവായ ദൈവം എല്ലാത്തിനെയും തന്നിലേയ്ക്ക് അനുരഞ്ജിതമാക്കുന്നു". ക്രിസ്തുരാജ്യം നിത്യം നിലനിൽക്കുന്ന രാജ്യമാണ്. ലൂക്കായുടെ സുവിശേഷത്തിൽ നാം വായിക്കുന്നു. "അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല" എന്ന്. കാരണം, ലോകത്തിന്റെ ചിന്തകൾക്കും വ്യാപാരങ്ങൾക്കും ഉപരിയാണ് അത്.

ക്രിസ്തുവിന്റെ രാജത്വത്തെക്കുറിച്ചും അവന്റെ രാജ്യത്തിന്റെ പ്രത്യേകതയെക്കുറിച്ചും വളരെ മനോഹരമായി ലത്തീൻ കുർബാനയിലെ രാജത്വത്തിരുനാളിന്റെ പ്രഘോഷണപ്രാർത്ഥനയിൽ വിവരിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്. 'അങ്ങയുടെ രാജ്യം സത്യത്തിന്റെയും ജീവന്റെയും രാജ്യമാണ്. അത് വിശുദ്ധിയുടെയും അനുഗ്രഹത്തിന്റെയും രാജ്യമാണ്. അത് നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാജ്യമാണ്'. ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് ക്രിസ്തു വന്നത്. അവൻ സത്യത്തിന്റെ പ്രതിരൂപമാണ്. സത്യത്തിന് സാക്ഷ്യം വഹിക്കാൻ വന്നവനാണ്. അവൻ മനുഷ്യരുടെ ഇടയിലുള്ള ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. നീതിയുടെയും ശാന്തിയുടെയും സ്നേഹത്തിന്റെയും വക്താവാണ് അവിടുന്ന്. വിജയിക്കുവാനുള്ള വഴി, തോറ്റു കൊടുക്കുന്നതാണെന്ന് കാണിച്ചു തന്നവനാണവൻ. എല്ലാം സൗജന്യമായി നൽകുന്നതാണ് യഥാർത്ഥ ക്രിസ്തുരാജ്യം എന്ന് ജീവിതത്തിലൂടെ കാണിച്ചുതന്ന രാജാവാണ് അവൻ. ശുശ്രൂഷിക്കപ്പെടാൻ ആഗ്രഹിക്കാതെ ശുശ്രൂഷിക്കുകയും, ശിഷ്യരുടെ പാദം കഴുകി ചുംബിക്കുകയും ചെയ്യുന്ന രാജാവാണ് അവിടുന്ന്. അതുകൊണ്ടാണ് അവന്റെ രാജത്വം ലോകത്തെ മുഴുവൻ പുൽകി നിൽക്കുന്നത്. അതിരുകളില്ലാതെ അനന്തതയോളം വ്യാപിച്ചു നിൽക്കുന്നത്. ലോകത്തെ മുഴുവൻ ആശീർവ്വദിക്കുന്നത്.

ഇന്നത്തെ മനുഷ്യരുടെ മുമ്പിൽ ഈശോയുടെ രാജത്വത്തിരുനാൾ ഉയർത്തുന്ന ചോദ്യം മാനസാന്തരത്തിന് പ്രേരകമാണ്. ക്രിസ്തുവിന്റെ രാജത്വം ഒരു ദാനവും ഉത്തരവാദിത്വവുമാണ്. ഇത് നമ്മിൽ നിന്നും നിരന്തരമായ മാനസാന്തരവും അവനിലേയ്ക്കുള്ള നിരന്തര വളർച്ചയും പ്രതീക്ഷിക്കുന്നു. ഈശോ സ്ഥാപിച്ച ദൈവരാജ്യത്തിന്റെ വക്താക്കളാണ് നാം. സുവിശേഷത്തിൽ ഫരിസേയർ വന്ന് ദൈവരാജ്യം എപ്പോൾ വരുമെന്ന് ഈശോയോട് ചോദിക്കുന്നുണ്ട്. അപ്പോൾ ഈശോ പറഞ്ഞു: "ദൈവരാജ്യം നിങ്ങളിൽ തന്നെയുണ്ട്. നിങ്ങളുടെ ഇടയിലുണ്ട്". ഈ ലോകത്തിൽ ദൈവരാജ്യസംസ്ഥാപനത്തിനായി നിലകൊള്ളേണ്ടവരാണ് നാം.

കുഞ്ഞുന്നാളിലെ ഒരു ഓർമ്മ പങ്കുവച്ചു കൊണ്ട് ഈ വിചിന്തനം അവസാനിപ്പിക്കാം. സൺഡേ സ്കൂളിൽ പഠിക്കുന്ന കാലം. കുട്ടികളെല്ലാം മിഷൻലീഗ്, സൊഡാലിറ്റി, ഡി.സി.എൽ തുടങ്ങിയ ഭക്തസംഘടനകളിൽ അംഗങ്ങളാണ്. ആണ്ടുവട്ടത്തിൽ ഒരു ഞായറാഴ്ച കൈകളിൽ ചെറിയ പേപ്പൽ പതാകയുമേന്തി വഴിയിൽ കൂടി നടത്തിയിരുന്ന റാലി ഓർമ്മിക്കുന്നു. അതിനിടയിൽ വലിയ സ്വരത്തിൽ വിളിച്ചു പറഞ്ഞിരുന്ന മുദ്രാവാക്യം ഇപ്രകാരമാണ്.

"ജയിക്കട്ടങ്ങനെ ജയിക്കട്ടെ...
ക്രിസ്തുരാജൻ ജയിക്കട്ടെ...
പരക്കട്ടങ്ങനെ പരക്കട്ടെ...
ക്രിസ്തുരാജ്യം പരക്കട്ടെ..."

ഇന്നത്തെ തിരുനാൾ ദിനം നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുരാജൻ ജയിക്കാൻ ആഗ്രഹിക്കാം. ക്രിസ്തുരാജ്യം ലോകമെങ്ങും, പ്രത്യേകിച്ച് നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ പരക്കാൻ നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. നമുക്ക് പ്രാർത്ഥിക്കാം, ഈശോയുടെ തിരുഹൃദയമേ അങ്ങയുടെ രാജ്യം വരേണമെ.

ആമേൻ.